# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 310 02.03.2020 ൽ മറുപടിയ്ക്ക്

## ആറന്മുള മണ്ഡലത്തിലെ സപ്ലൈകോ ഔട്ട്ലെറ്റുകൾ

ചോദ്യം
ശ്രീമതി വീണാ ജോർജ്ജ്

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ ആറൻമുള നിയോജകമണ്ഡലത്തിൽ എത്ര സപ്ലൈകോ ഔട്ട് ലെറ്റുകൾ നവീകരിച്ചു എന്നതിന്റെ വിശദാംശങ്ങൾ നൽകുമോ; | (എ) | ഈ സർക്കാരിൻറെ കാലയളവിൽ ആറന്മുള നിയോജക മണ്ഡലത്തിൽ 4 സപ്ലൈകോ ഔട്ട് ലെറ്റുകൾ നവീകരിച്ചിട്ടുണ്ട്. ആറന്മുള, നാരങ്ങാനം മാവേലി സ്റ്റോറുകൾ നവീകരിച്ച് മാവേലി സൂപ്പർ സ്റ്റോറുകളാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴഞ്ചേരി സൂപ്പർ മാർക്കറ്റ്, കോഴഞ്ചേരി മാവേലി മെഡിക്കൽ സ്റ്റോർ എന്നിവയും പുതിയ കെട്ടിടത്തിലേക്ക് മാറ്റി നവീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കിടങ്ങന്നൂർ മാവേലി സ്റ്റോർ നവീകരിച്ച് സൂപ്പർ മാർക്കറ്റാക്കി ഉയർത്തുന്നതിനുള്ള ജോലികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ഈ കാലയളവിൽ പ്രസ്തുത നിയോജകമണ്ഡലത്തിൽ സപ്ലൈകോയുടെ എത്ര പുതിയ സ്ഥാപനങ്ങൾ ആരംഭിച്ചു എന്നതിന്റെ വിശദാംശങ്ങൾ നൽകുമോ; | (ബി) | ഈ കാലയളവിൽ പ്രസ്തുത നിയോജക മണ്ഡലത്തിൽ സപ്ലൈകോയുടെ സ്ഥാപനങ്ങൾ ഒന്നും തന്നെ പുതിയതായി ആരംഭിച്ചിട്ടില്ല. |
| (സി) | ഈ നിയോജകമണ്ഡലത്തിൽ സപ്ലൈകോയുടെ അധീനതയിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ? | (സി) | ഈ നിയോജക മണ്ഡലത്തിൽ സപ്ലൈകോയുടെ അധീനതയിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. പത്തനംതിട്ട പീപ്പിൾസ് ബസാർ |

| | | | |
|---|---|---|---|
| | | | 2. കോഴഞ്ചേരി സൂപ്പർ മാർക്കറ്റ്<br>3. ഓമല്ലൂർ സൂപ്പർ മാർക്കറ്റ്<br>4. ഇലവുംതിട്ട സൂപ്പർ മാർക്കറ്റ്<br>5. ആറന്മുള മാവേലി സൂപ്പർ സ്റ്റോർ<br>6. നാരങ്ങാനം മാവേലി സൂപ്പർ സ്റ്റോർ<br>7. ഇലന്തൂർ മാവേലി സ്റ്റോർ<br>8. കിടങ്ങന്നൂർ മാവേലി സ്റ്റോർ<br>9. മല്ലപ്പുഴശ്ശേരി മാവേലി സ്റ്റോർ<br>10. ഊന്നുകൽ മാവേലി സ്റ്റോർ<br>11. ഉളനാട് മാവേലി സ്റ്റോർ<br>12. കോഴഞ്ചേരി മാവേലി മെഡിക്കൽ സ്റ്റോർ<br>13. പത്തനംതിട്ട മാവേലി മെഡിക്കൽ സ്റ്റോർ<br><br>ഇപ്രകാരം 13 വിൽപ്പനശാലകളും പത്തനംതിട്ടയിൽ കോഴഞ്ചേരി താലൂക്കിലെ റേഷൻ വിതരണത്തിനായി ഒരു എൻ.എഫ്.എസ്.എ. ഡിപ്പോയും പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ